(സി) കയറ്റി അയച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽനിന്ന് എത്രശ്ശേ ശതമാനം വീതം ഏതെല്ലാം സ്ഥലങ്ങളിലേക്ക് കയറ്റി അയച്ചു;

(ഡി) പഴക്കടക്കാരും നീറ്റടക്കാരും നികുതി പിരിക്കുമ്പോൾ കയറ്റി അയക്കുന്നതോ ഈ നാട്ടിലെ ചിലവിന്നു മാത്രമുള്ളതോ എന്നു ആലോചിക്കാറോ അന്വേഷിക്കാറോ ഉണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വ്.

(ബി) ഫ,൩൭൫ ശ. ട. വ്യ റാത്തൽ.

(സി) (a)

	ശ. ട.	റാ.
നെന്മാറ	൯൫൦	൦
കുന്നംകുളം	൫൦	൦
തൃശ്ശിവപേരൂർ	൧൫൫	൫൩൫
മണ്ണൂർ	൧൫൭	൩൯
ഇഞ്ചമുടി	൯൯	൬൬
ഇരിങ്ങാലക്കുട	൬൯	൫൩
ഊരകം	൩൯	൧൬
എറണാകുളം	൫	൬൫൭
ആകെ	൧,൩൭൫	൬൯

(b) ബ്രിട്ടീഷു മലബാറിലേക്ക്.

(ഡി) ഓരോ അടക്കകൃഷിക്കാരനേയും തന്റെ ഗൃഹത്തിലെ ആവശ്യങ്ങൾക്കായി ആണ്ടിനാൽ ൬,൦൦൦ അടക്കവീതം എടുത്തുകൊള്ളുന്നതിന്നും ഉണക്കുക, പുളിപ്പിക്കുക മുതലായവയൊന്നും ചെയ്യപ്പെട്ടിട്ടില്ലാത്ത പച്ചടക്കയോ, പഴക്കടക്കയോ നികുതി കൊടുക്കാതെ ഉപയോഗക്കാർക്കു നേരിട്ടു വിറ്റുകൊള്ളുന്നതിന്നും അനുവദിച്ചിട്ടുണ്ട്. മറ്റെല്ലാ സംഗതികളിലും, അടക്ക കയറ്റി അയപ്പാനുള്ളതോ, നാട്ടിൽതന്നെ ഉപയോഗിപ്പാനുള്ളതോ എന്ന സംഗതി ഗണിക്കാതെതന്നെ നികുതി പിരിച്ചുവരുന്നുണ്ട്.

DAMAGED ARTICLES—FOOD SUPPLIES DEPARTMENT—DISPOSALS—PARTICULARS OF

679. മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: താഴെ പറയുന്ന ചോദ്യത്തിന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഫ൭൭൨, ഫ൭൭൩, ഫ൭൭൪ ഈ കൊല്ലങ്ങളിൽ നശിപ്പിച്ചോ ലേലം വിളിച്ചോ ഉപയോഗശൂന്യമായി കളഞ്ഞ ചരക്കുകളുടെ എണ്ണം, വിലവിവരം കാണിക്കുന്ന ഒരു പട്ടിക വായിക്കുമോ?

റാവുസാഹിബ് എം. എം. പോൾ:

പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

EDUCATION IN CERTAIN VILLAGES IN CHITTUR TALUK

680. മിസ്റ്റർ ആർ. എസ്സ്. തേവണ്ണ ഗൗണ്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയാമോ.—

(എ) ചിറ്റൂർ താലൂക്കിന്റെ കിഴക്കെ അതൃത്തിയിലുള്ള ഒഴലപ്പതി, ആട്ടേമ്പതി, വഞ്ചിക്കുന്നമ്പതി മുതലായ വില്ലേജുകളിൽ വിദ്യാഭ്യാസം കുറവാണെന്നു് ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വില്ലേജുകളിൽ വിദ്യാഭ്യാസ സൌകര്യത്തിന്നായി സ്കൂളുകളുണ്ടോ;

(സി) ഈ വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനും, വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിന്നും ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

റാവുസാഹിബ് ഒ. എൻ. മേനോൻ:

(എ) ഉവ്വ്.

(ബി) ഇപ്പോൾ ഒഴലപ്പതി വില്ലേജിൽ ഒരു പ്രാഥമിക വിദ്യാലയം ഉണ്ട്.

(സി) മേൽപറഞ്ഞ മറ്റു വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഗവൺമെണ്ടു് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

Page 1